# പതിമൂന്നാം കേരള നിയമസഭ

# പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **07-01-2014-ൽ മറുപടിക്ക്.**

**ചോദ്യം നമ്പർ : 663**

## 'എമർജിംഗ് കേരള'യുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ. എസ്. സലീഖ<br>ശ്രീ. സി.കെ.സദാശിവൻ<br>ശ്രീ.പി.റ്റി.എ.റഹീം<br>ശ്രീ.ബി.സത്യൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും<br>വകുപ്പു മന്ത്രി) |
| (എ) സർക്കാർ സംഘടിപ്പിച്ച 'എമർജിംഗ് കേരള'യുടെ പ്രവർത്തനം സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ ; | (എ) സർക്കാർ സംഘടിപ്പിച്ച 'എമർജിംഗ് കേരള'യുടെ പ്രവർത്തനം സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ട്. നിക്ഷേപക സംഗമത്തിൽ വിവിധ വകുപ്പുകളിലായി ലഭിച്ച പദ്ധതികളുടെ തുടർനടപടികൾ അതാത് വകുപ്പ് സെക്രട്ടറിമാർ മുഖേന നടത്തി വരുന്നു. കൂടാതെ, പദ്ധതികളുടെ സുഗമമായ നടത്തിപ്പിലേയ്ക്കും, പദ്ധതി നിർദ്ദേശങ്ങൾക്ക് സമയബന്ധിതമായി അംഗീകാരം കൊടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനുമായി ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ കൗൺസിലും, ഓരോ പ്രോജക്ടും വിശദമായി പരിശോധിച്ച് ബന്ധപ്പെട്ട വകുപ്പുകളുടെ അനുമതികൾ ലഭ്യമാക്കിക്കൊണ്ട് പദ്ധതികൾക്ക് അംഗീകാരം കൊടുക്കുന്നതിനുമായി ഇൻവെസ്റ്റ്മെന്റ് ക്ലീയറൻസ് ബോർഡും രൂപീകരിച്ചിട്ടുണ്ട്.<br><br>അതുപോലെ എമർജിംഗ് കേരളയിൽ ചർച്ച ചെയ്ത ആശയങ്ങളെയും പദ്ധതികളെയും പുരോഗമിപ്പിക്കുന്നതിനായി ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ബോർഡും രൂപീകരിച്ചിട്ടുണ്ട്. |
| (ബി) എത്ര പദ്ധതി നിർദ്ദേശങ്ങളാണ് 'എമർജിംഗ് കേരള' നിക്ഷേപക സംഗമത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; ഇതിൽ ധാരണാപത്രം ഒപ്പുവയ്ക്കാൻ കഴിഞ്ഞവ എത്രയായിരുന്നു ; | (ബി) എമർജിംഗ് കേരള നിക്ഷേപ സംഗമത്തിൽ വിവിധ വകുപ്പുകളിലായി 177 നിർദ്ദേശങ്ങളാണ് ലഭിച്ചത്. പ്രസ്തുത സംഗമത്തിൽ താഴെ പറയുന്ന രണ്ടു പദ്ധതികൾക്കാണ് ധാരണാപത്രം |

ഒപ്പു വച്ചത്.

1. Capacity Expansion of Refinery Plant (₹ 12,000/- crores) and setting up of Petrochemical plant at Kochi by BPCL (₹ 6,000/- crores).
2) To implement Advanced Diploma course in Automotive Mechatronics (ADAM) Course at Government Engineering College, Barton Hill, Thiruvananthapuram

(സി) 'എമർജിംഗ് കേരള'യിൽ മൊത്തം എത്ര പദ്ധതികൾ പ്രഖ്യാപിക്കുകയുണ്ടായി ; വ്യവസായവകുപ്പ് മാത്രം എത്ര പദ്ധതികൾ പ്രഖ്യാപിച്ചിരുന്നു ; പ്രഖ്യാപിത പദ്ധതികളിൽ എത്രയെണ്ണം ആരംഭിക്കാനായി ; ഈ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കാൻ കഴിയുമെന്ന് കരുതുന്ന പദ്ധതികൾ ഏതൊക്കെ ;

(സി) 2012 സെപ്റ്റംബർ 12 മുതൽ 14 വരെ കൊച്ചിയിൽ നടന്ന എമർജിംഗ് കേരള നിക്ഷേപക സംഗമത്തിൽ വിവിധ വകുപ്പുകളിലായി 177 പദ്ധതി നിർദ്ദേശങ്ങളാണ് ലഭിച്ചത്. അതിൽ വ്യവസായ വകുപ്പിനു കീഴിൽ വന്ന 46 പദ്ധതികളിൽ 15 പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. ഇതിൽ കെ.എസ്.ഐ.ഡി.സി. യുടെ സാമ്പത്തിക സഹായത്തോടെ M/s. Gateway Distri- parks Kerala Limited ന്റെ 50 കോടി രൂപ മുതൽമുടക്കുള്ള കൊച്ചിയിലെ കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷൻ പദ്ധതിയുടെ പ്രവർത്തനം 2013 ഫെബ്രുവരി 12 ൽ ആരംഭിച്ചു. കേളചന്ദ്ര പോളിമേഴ്സിന്റെ എച്ച്.ഡി.പി. സ്റ്റോറേജ് ടാങ്കുകൾ നിർമ്മിക്കുവാനുള്ള പദ്ധതിയുടെ ട്രയൽ ഉൽപാദനം 09/09/2013 ൽ ആരംഭിച്ചു. ഇ.പി.ഡി.എം. റബ്ബർ പ്രോജക്ട്, പാൽ സംസ്ക്കരണ യൂണിറ്റ് മുതലായ പദ്ധതികൾ പുരോഗമിച്ചു വരുന്നു.

ഏ.കെ. ഗ്രൂപ്പിന്റെ എറണാകുളത്ത് സ്ഥാപിക്കുന്ന 200 കോടി രൂപ മുതൽമുടക്കുള്ള ബയോ ന്യൂട്ര പാർക്കിന്റെ (വിവിധ ഘട്ടം) ഒന്നും രണ്ടും ഘട്ടത്തിന്റെ പ്രവർത്തനം 2014-15 സാമ്പത്തിക വർഷത്തിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു കൊണ്ടിരി ക്കുന്നു.

7000 കോടി രൂപ മൊത്തം മുതൽമുടക്കുവരുന്ന പെട്രോകെമിക്കൽ പാർക്ക് അമ്പലമുകളിൽ സ്ഥാപിക്കുന്ന

തിന് കെ.എസ്.ഐ.ഡി.സി. നടപടി യെടുത്തു വരുന്നു. ഇവിടെ വരുന്ന 5 പദ്ധതികൾ പുരോഗമിക്കുന്നുണ്ട്.

ബി.പി.സി.എൽ. കൊച്ചിയിൽ നടപ്പാ ക്കുന്ന പെട്രോകെമിക്കൽ സംയുക്ത സംരംഭത്തിന്റെയും പെട്രോകെമിക്കൽ പാർക്കിന്റെയും ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു വരികാണ്.

ഭക്ഷ്യ സംസ്ക്കരണം, ബയോ ഉപകരണ ങ്ങളുടെ നിർമ്മാണം മുതലായ പദ്ധതി കളുടെ തുടർനടപടികൾ പൂർത്തിയായി വരുന്നു.

**(ഡി)** ഐ.ടി. വകുപ്പിനുകീഴിൽ പ്രഖ്യാപിച്ചി രുന്ന 6 പദ്ധതികൾക്ക് നിക്ഷേപകർ താല്പര്യം പ്രകടിപ്പിക്കുന്നില്ലെന്നത് സംബന്ധിച്ച് വകുപ്പ് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ;

**(ഡി)** ഇല്ല.

**(ഇ)** 10 രാജ്യങ്ങളിൽനിന്നായി 40,000 കോടി യിലേറെ രൂപയുടെ നിർദ്ദേശങ്ങൾ പദ്ധതിക്കായി ലഭിച്ചതായി സമാപന സമ്മേളനത്തിൽ മുഖ്യമന്ത്രിയുടെ പ്രഖ്യാപനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത നിർദ്ദേശങ്ങൾ ഏതൊക്കെയാണെന്നും അവയിൽ ഏതിലെല്ലാം ധാരണാപത്രം ആയിട്ടു ണ്ടെന്നും വിശദമാക്കുമോ ; ശേഷിക്കു ന്നവ എന്നത്തേക്ക് ആകുമെന്നാണ് കരുതുന്നത് ;

**(ഇ)** 2012 സെപ്റ്റംബർ 12 മുതൽ 14 വരെ കൊച്ചിയിൽ നടന്ന എമർജിംഗ് കേരള നിക്ഷേപക സംഗമത്തിൽ വിവിധ വകുപ്പുകളിലായി 177 പദ്ധതി നിർദ്ദേശങ്ങളാണ് ലഭിച്ചത്. അതിൽ വ്യവസായ വകുപ്പിനു കീഴിൽ വന്ന 46 പദ്ധതികളിൽ 19 പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. ഇതിൽ കെ.എസ്.ഐ.ഡി.സി. യുടെ സാമ്പത്തിക സഹായത്തോടെ M/s. Gateway Distri- parks Kerala Limited ന്റെ 50 കോടി രൂപ മുതൽമുടക്കുള്ള കൊച്ചിയിലെ കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷൻ പദ്ധതിയുടെ പ്രവർത്തനം 2013 ഫെബ്രുവരി 12 ൽ ആരംഭിച്ചു. കേളചന്ദ്ര പോളിമേഴ്സിന്റെ എച്ച്.ഡി.പി. സ്റ്റോ റേജ് ടാങ്കുകൾ നിർമ്മിക്കുവാനുള്ള പദ്ധതിയുടെ ട്രയൽ ഉൽപാദനം 09/09/2013 ൽ ആരംഭിച്ചു. ഇ.പി.ഡി.എം. റബ്ബർ പ്രോജക്റ്റ്, പാൽ സംസ്ക്കരണ യൂണിറ്റ് മുതലായ പദ്ധതികൾ പുരോഗമിച്ചു വരുന്നു.

എ.കെ. ഗ്രൂപ്പിന്റെ എറണാകുളത്ത് സ്ഥാപിക്കുന്ന 200 കോടി രൂപ മുതൽമുടക്കുള്ള ബയോ നൂട്ര പാർക്കി

(വിവിധ ഘട്ടം) ന്റെ ഒന്നും രണ്ടും ഘട്ടത്തിന്റെ പ്രവർത്തനം 2014-15 സാമ്പത്തിക വർഷത്തിൽ ആരംഭിക്കു ന്നതിനുള്ള നടപടികൾ പുരോഗമിച്ചു കൊണ്ടിരി ക്കുന്നു.

7000 കോടി രൂപ മൊത്തം മുതൽമുടക്കുവരുന്ന പെട്രോകെമിക്കൽ പാർക്ക് അമ്പലമുകളിൽ സ്ഥാപിക്കുന്ന തിന് കെ.എസ്.ഐ.ഡി.സി. നടപടി യെടുത്തു വരുന്നു. ഇവിടെ വരുന്ന 5 പദ്ധതികൾ പുരോഗമിക്കുന്നുണ്ട്.

ടൂറിസം വകുപ്പിന് കീഴിൽ കേരളത്തിലെ സുപ്രധാന ടൂറിസം കേന്ദ്രങ്ങളെ ബന്ധപ്പിക്കുന്ന സീപ്ലെയിൻ പദ്ധതിയുടെ ഉൽഘാടനം നിർവ്വഹിച്ചു കഴിഞ്ഞു. ബി.പി.സി.എൽ. കൊച്ചിയിൽ നടപ്പാ ക്കുന്ന പെട്രോകെമിക്കൽ സംയുക്ത സംരംഭത്തിന്റെയും പെട്രോകെമിക്കൽ പാർക്കിന്റെയും ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു വരികാണ്. കേരള സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പുമായി സംയോജിപ്പിച്ച് നടത്തുന്ന ആട്ടോമോട്ടീവ് മെക്കാട്രോണിക്സ് കോഴ്സ്, ബി.പി.സി.എൽ.-ന്റെ കൊച്ചിൻ റിഫൈനറിയുടെ എക്സ്പാൻഷൻ പ്രോജക്ട് കേരള ത്തിലെ 16 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്ന ആട്ടോ മോട്ടീവ് ടെക്നോ ളജിയിലെ വിജ്ഞാന കേന്ദ്രങ്ങൾ എന്നീ പദ്ധതികൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്.

ഭക്ഷ്യ സംസ്ക്കരണം, ബയോ ഉപകരണ ങ്ങളുടെ നിർമ്മാണം മുതലായ പദ്ധതികളുടെ തുടർനടപടികൾ പൂർത്തി യായി വരുന്നു. കൂടാതെ ടൂറിസം വകുപ്പിന് കീഴിലുള്ള ടൂറിസം ടൗൺഷിപ്പ് പദ്ധതികൾ, കൺവെൻഷൻ സെന്റർ മുതലായ പദ്ധതികളും പുരോഗമിച്ചു വരുന്നു. ശാസ്ത്ര സാങ്കേതിക വകു പ്പിന്റെ കീഴിലുള്ള പദ്ധതികളാണ് തിരുവനന്തപുരത്ത് തുടങ്ങാൻ ഉദ്ദേശി ക്കുന്ന കിഡ്സ് ലാബ്, കോട്ടയത്തു തുടങ്ങുന്ന ശ്രീനിവാസ രാമനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബേസിക്ക് സയൻസ്, തിരുവനന്തപുരത്തെ റിസർച്ച് പാർക്ക്,

ഹെർബൽ മിഡിസിൻ കിറ്റുകളുടെ നിർമ്മാണം മുതലായവ. മറ്റു പദ്ധതികളുടെ പരിസ്ഥിതി ക്ലിയറൻസ് പഠനം, വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ എന്നിവ വിവിധ ഘട്ടങ്ങളിലാണ്.

1500 കോടി രൂപ മുതൽ മുടക്കുള്ള യു.എ.ഇ. യിലെ ഡി.എം. ഹെൽത്ത് കെയറിന്റെ കൊച്ചിയിലെ ആസ്റ്റർ മെഡിസിറ്റി ഹോസ്പിറ്റൽ പദ്ധതിയുടെ 500 കോടി രൂപ ചിലവു വരുന്ന ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. ലൈഫ് സയൻസ് പാർക്കിന്റെ ഭാഗമായി തിരുവനന്തപുരത്ത് ബയോടെക് ഇൻക്യുബേറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നുണ്ട്.

(എഫ്) ഫോക്സ് വാഗൺ, എൻജിൻ അസംബ്ലിംഗ് യൂണിറ്റിനായി 2000 കോടിയുടെ പദ്ധതി സമർപ്പിച്ചതായി സർക്കാർ പ്രഖ്യാപിച്ചിരുന്നുവോ ; എങ്കിൽ ഇതിന് വിരുദ്ധമായി കമ്പനി നടത്തിയ പ്രസ്താവന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നുവോ; വിശദമാക്കുമോ ?

(എഫ്) എമർജിംഗ് കേരള സംഗമത്തിൽ ഫോക്സ് വാഗൺ കമ്പനികളുടെ പ്രതിനിധികൾ പങ്കെടുക്കുകയും ഒരു ആട്ടോമൊബൈൽ ഡിസൈൻ സെന്റർ കേരളത്തിൽ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയെക്കുറിച്ച് സർക്കാരുമായി ചർച്ച നടത്തുകയും ചെയ്തിരുന്നു. എന്നാൽ പദ്ധതിയുമായി മുന്നോട്ട് പോകുന്നതിനായി സർക്കാർ തലത്തിൽ നടന്ന തുടർ അന്വേഷണത്തിൽ ഫോക്സ് വാഗൺ കമ്പനിയ്ക്ക് ഇപ്പോൾ കേരളത്തിൽ ഈ പദ്ധതി സ്ഥാപിക്കാൻ ഉദ്ദേശമില്ല എന്നാണ് അറിയാൻ കഴിഞ്ഞത്.

സെക്ഷൻ ഓഫീസർ